**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2969** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികൾക്ക് കരാറുകാരെ ലഭിക്കാത്തതിനാൽ പ്രവൃത്തികൾ റീകാസ്റ്റ് ചെയ്ത് റീടെൻഡർ ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതി പൂർത്തിയാക്കാൻ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാത ത്തിലാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇത് കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 15% ഗുണഭോക്തൃ വിഹിതം 10% എന്ന അനുപാതത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതുവരെ 11,140.78 കോടി രൂപ ചെലവഴിച്ചു. ഇതിൽ 5,533.29 കോടി രൂപ സംസ്ഥാനവിഹിതമാണ്.<br><br>പദ്ധതി 2028 വരെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണ ത്തിനായിട്ട് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചുവടെ ചേർക്കുന്നു. |

| Particulars | 2025-26 | 2026-27 | 2027-28 | 2028-2029 (Till December 2028) | Total |
|---|---|---|---|---|---|
| Central Share | 5,750.00 | 4,500.00 | 4,500.00 | 2,250.00 | 17,000.00 |
| State Share | 5,750.00 | 4,500.00 | 4,500.00 | 2,250.00 | 17,000.00 |
| | 11,500.00 | 9,000.00 | 9,000.00 | 4,500.00 | 34,000.00 |

ജലജീവൻ മിഷന്റെ തത്തുല്യമായ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി HUDCO, NABARD, LIC എന്നീ സ്ഥാപനങ്ങളിൽ നിന്നും 12,000 കോടി രൂപ കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ